പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 406 28.06.2012- ൽ മറുപടിക്ക്

## ദുരന്തനിവാരണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. റ്റി.എ അഹമ്മദ് കബീർ<br>ശ്രീ. പി.കെ ബഷീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനം നേരിടേണ്ടിവരുന്ന പ്രധാന ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച മുൻഗണനാലിസ്റ്റ് വെളിപ്പെടുത്താമോ; | (എ) | വിശദമായ പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനം നേരിടേണ്ടി വരാവുന്ന ദുരന്തങ്ങൾ 2010 ഒക്ടോബറിൽ സംസ്ഥാന ദുരന്ത നിവാരണ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, ഐക്യരാഷ്ട്ര വികസന പദ്ധതിയും(UNDP) സംയുക്തമായി സംഘടിപ്പിച്ച ദുരന്ത അപഗ്രഥന യോഗത്തിൽ വിലയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ദുരന്തങ്ങളുടെ മുൻഗണനാ ക്രമം താഴെ കൊടുക്കുന്നു.<br>1. ഉരുൾപൊട്ടൽ(മണ്ണിടിച്ചിൽ ഉൾപ്പെടെ).<br>2. വെള്ളപ്പൊക്കം<br>3. കോസ്റ്റൽ ഹസാർഡ്സ്(സുനാമി ഉൾപ്പെടെ).<br>4. ഭൂമി കുലുക്കം<br>5. ഇടിമിന്നൽ |
| (ബി) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ; | (ബി) | ദുരന്തനിവാരണ പ്രവർത്തനങ്ങളിലേർപ്പെടുന്ന വിവിധ സർക്കാർ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. 2005ലെ ദുരന്ത നിവാരണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ദുരന്ത നിവാരണ/ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി 1476.30 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പ്രൊജക്ടിന്റെ ഉദ്ദേശം | പ്രതീക്ഷിക്കുന്ന തുക |
|---|---|---|
| 1. | ദുരന്ത നിവാരണ സ്ഥാപന ശാക്തീകരണം (Institutional Strengthening for Disaster Management) | 83,85,00,000/- |

<table>
<tr><td></td><td></td><td></td><td>2.</td><td>പരിശീലനവും പ്രാപ്തി കൈവരിക്കലും (Training & Capacity Building)</td><td>6,30,00,000/-</td></tr>
<tr><td></td><td></td><td></td><td>3.</td><td>ദുരന്താഘാത ലഘൂകരണത്തിനു വേണ്ട ഗവേഷണവും വികാസവും (Research and Development for Disaster Risk Reduction)</td><td>12,50,00,000/-</td></tr>
<tr><td></td><td></td><td></td><td>4.</td><td>പ്രകൃതി ദുരന്ത ലഘൂകരണം (Natural Hazards Mitigation)</td><td>13,58,50,00,000/-</td></tr>
<tr><td></td><td></td><td></td><td>5.</td><td>മനുഷ്യ നിർമ്മിത ദുരന്ത ലഘൂകരണം (Anthropogenic Hazards Mitigation)</td><td>15,15,00,000/-</td></tr>
<tr><td>(സി)</td><td>പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള ജീവഹാനിയുൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം നടത്തി വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;</td><td>(സി)</td><td colspan="3">താരതമ്യപഠനം നടത്തിയിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>സംസ്ഥാനത്ത് റോഡപകടങ്ങളിലുണ്ടാകുന്ന ജീവഹാനിയും മറ്റു നാശനഷ്ടങ്ങളും കണക്കിലെടുത്ത് അതിനെ പ്രധാന ദുരിതമായി കണക്കാക്കി, നിയന്ത്രണ നടപടികളും ആശ്വാസ നടപടികളും കൈക്കൊള്ളുമോ ?</td><td>(ഡി)</td><td colspan="3">റോഡ് സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 31.05.2012 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നതതല യോഗം സംസ്ഥാനത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങളുടെ ബാഹുല്യവും കാരണങ്ങളും അവലോകനം ചെയ്യുകയും അവയുടെ ലഘൂകരണത്തിനായും നിയന്ത്രണത്തിനായും നിരവധി നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ